**സബ്മിഷൻ**

(1) <u>മാനസികാരോഗ്യ കേന്ദ്രത്തിലെ പ്രശ്നങ്ങൾ</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): സർ, 2012 ആഗസ്റ്റ് 06-ാം തീയതി സത്നം സിംഗ് എന്ന ചെറുപ്പക്കാരൻ തിരുവനന്ത പുരത്തെ മാനസികാരോഗ്യ കേന്ദ്രത്തിൽ കൊല്ലപ്പെട്ടു. ബീഹാറുകാരനും നല്ല വിദ്യാഭ്യാസ യോഗ്യതയുമുള്ള ആ പാവപ്പെട്ട ചെറുപ്പക്കാരൻ ഇവിടെ നല്ല നിലയിൽ ആരോഗ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥലമാണെന്ന വിശ്വാസത്തിൽ വന്നതാണ്. എന്നാൽ മാനസികാരോഗ്യ കേന്ദ്രത്തിൽ വച്ച് അദ്ദേഹം കൊല്ലപ്പെട്ടു. അതേമാസംതന്നെ കൃഷ്ണൻ എന്ന രോഗി കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ മറ്റൊരു രോഗിയാൽ കൊല്ല പ്പെട്ടു. സത്നം സിംഗിന്റെ മരണത്തെത്തുടർന്ന് ഞാൻ തിരുവനന്തപുരം മാന സികാരോഗ്യ കേന്ദ്രം സന്ദർശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ആരോഗ്യ വുകുപ്പുമന്ത്രിയും സന്ദർശനം നടത്തി. ഇത്തരം മരണങ്ങൾക്കാധാരമായ കാര്യങ്ങളെപ്പറ്റി പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് ഒരു കമ്മറ്റിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ആവശ്യത്തിന് ജീവനക്കാരില്ലാ ത്തതാണ് പ്രധാന പ്രശ്നമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതനുസരിച്ച് കൂടുതൽ ജീവനക്കാരെ നിയമിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചു. എന്നാൽ സർക്കാർ അത്തരം നടപടികളൊന്നും സ്വീകരിച്ചില്ലെന്നുമാത്രമല്ല 14 ജീവന ക്കാരെ കുറയ്ക്കുകയാണ് ചെയ്തത്. മരണവുമായി ബന്ധപ്പെട്ട് 4 ജീവന ക്കാരെ സസ്പെൻഡ് ചെയ്തതിന് പകരം ആരെയും നിയമിച്ചില്ല. ജയിൽ

വകുപ്പിന്റെ കീഴിലുള്ള ചില ജീവനക്കാർ ഇവിടെ ജോലി ചെയ്തിരുന്നു. അവരെയും പിൻവലിച്ചു. 2012 ഡിസംബറിൽ വെങ്കിടേഷ് ആപ്പ എന്ന രോഗി കൂടി കൊല്ലപ്പെട്ടു. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ചെയർമാനായ നിയമസഭയുടെ പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും ബഡ്ജറ്റ് അലോക്കേഷനുൾപ്പെടെ നിരവധി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവയിലൊന്നുപോലും പരിഗണിച്ചില്ല. ഒരിക്കൽ ജയിൽ വകുപ്പിന്റെ കീഴിലായിരുന്ന മാനസികാരോഗ്യ കേന്ദ്രങ്ങൾ ഇപ്പോഴും ആശുപത്രികളുടെ രൂപത്തിലായിട്ടില്ല. അടിയന്തര ചികിത്സയ്ക്കായി മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കുന്നവരെ ചികിത്സിക്കുന്നതിന് ജയിലിലേതുപോലെയുള്ള മുറികളാണുള്ളത്. ഇവ സ്ഥിതി ചെയ്യുന്നതാകട്ടെ ഏറ്റവും വിദൂരമായ കോണുകളിലും ഏറ്റവും ശ്രദ്ധയും പരിചരണവും വേണ്ടിവരുന്ന ഇത്തരം രോഗികളെ ആരും ശ്രദ്ധിക്കാത്ത മുറികളിലാണ് അടച്ചിരിക്കുന്നത്. ആക്രമണ സ്വഭാവമുള്ള രോഗികളെ ചികിത്സിക്കുന്നതിന് സുരക്ഷിതമായി രൂപകൽപന ചെയ്തിട്ടുള്ള വാർഡുകൾ നിർമ്മിക്കാൻ സർക്കാർ നടപടി എടുത്തിട്ടില്ല. അതുപോലെ സൈക്യാട്രിക് നഴ്സിംഗിൽ പ്രത്യേകം പരിശീലനം ലഭിച്ച നഴ്സുമാർ, സൈക്യാട്രിക് സോഷ്യൽ വർക്കേഴ്സ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ എന്നിവരെയും നിയമിച്ചിട്ടില്ല. അടിയന്തരമായി ഇതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ആദ്യ നടപടി എന്ന നിലയിൽ മതിയായ ജീവനക്കാരെ ഉടൻതന്നെ നിയമിക്കാൻ സർക്കാർ നടപടിയെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മാനസികാരോഗ്യ മേഖലയ്ക്ക് മുന്തിയ പരിഗണനയാണ് ഈ സർക്കാർ നൽകുന്നത്. സംസ്ഥാനത്ത് സർക്കാർ മേഖലയിൽ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളാണുള്ളത്. ഈ മൂന്ന് കേന്ദ്രങ്ങളിലുമായി 1357 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം മാനസികാരോഗ്യ മേഖലകളിലെ അപാകതകൾ മനസ്സിലാക്കുകയും അത് പരിഹരിക്കാൻ നിരവധി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും ഭാവി വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോടിന്റെ സഹയാത്തോടെ തൃശ്ശൂരും കോഴിക്കോട്ടും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രക്രിയ പുരോഗമിച്ചുവരികയാണ്. മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഫോറൻസിക് വാർഡുകളിൽ സിംഗിൾ റൂമുകൾ നിർമ്മിക്കുന്നതിന് 2013-14 -ലെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഉടൻ വാർഡുകൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജീവനക്കാരുടെ അപര്യാപ്തത മാനസികാരോഗ്യ കേന്ദ്രങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് എന്നും ഒരു വിഘ്നാതമായിരുന്നു. കഴിഞ്ഞ 10 വർഷത്തിനിടയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ജീവനക്കാരുടെ

പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയത്. തിരുവനന്തപുരത്ത് 2 അസിസ്റ്റന്റ് സർജൻമാരെയും 20 സ്റ്റാഫ് നഴ്സിനെയും നിയമിച്ചുകഴിഞ്ഞു. തൃശ്ശൂരിൽ 2 അസിസ്റ്റന്റ് സർജൻമാരെയും ഒരു ആർ.എം.ഒ.-യേയും (അവിടെ ആർ.എം.ഒ. ഇല്ലായിരുന്നു) 20 സ്റ്റാഫ് നേഴ്സിനെയും നിയമിച്ചുകഴിഞ്ഞു. കോഴിക്കോട് 2 അസിസ്റ്റന്റ് സർജൻമാരേയും ഇരുപത് സ്റ്റാഫ് നഴ്സിനെയും നിയമിച്ചുകഴിഞ്ഞു. ഇതുകൂടാതെ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങൾക്കും വേണ്ടി ഡോക്ടർമാർ ഉൾപ്പെടെ 99 ജീവനക്കാരുടെ അധിക തസ്തികകൾ ഉടൻ സൃഷ്ടിക്കുന്നതാണ്. മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ജോലിഭാരം കുറയ്ക്കുന്നതിനുവേണ്ടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവരെ മാനസികാരോഗ്യ ചികിത്സ എത്തിക്കുന്ന ജില്ലാ മനസികാരോഗ്യ പരിപാടി ഈവർഷം തന്നെ 14 ജില്ലകളിലും നടപ്പിലാക്കുകയാണ്. എല്ലാ ജില്ലകളിലും ഈ പരിപാടി നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ ഏറ്റവും മികച്ച ജില്ലാ മാനസികാരോഗ്യ പരിപാടിയായി വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ തെരഞ്ഞെടുത്തിരിക്കുന്നത് തിരുവനന്തപുരം ജില്ലാ മാനസികാരോഗ്യ പരിപാടിയാണ്. 2000-ൽ നിലവിൽവന്ന സംസ്ഥാനത്തെ മാനസികാരോഗ്യ നയത്തിൽ കാലോചിതമായ മാറ്റം വരുത്തി ഒരു പരിഷ്ക്കരിച്ച മാനസികാരോഗ്യനയം രൂപീകരിക്കുന്നതിന് വേണ്ടി ഈ സർക്കാർ ഒരു സമിതിയെ നിയോഗിക്കുകയും ഈ സമിതി പരിഷ്ക്കരിച്ച മാനസികാരോഗ്യ നയത്തിന്റെ കരട് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ മാനസികാരോഗ്യനയം മേയ് മാസത്തിൽ നിലവിൽവരും. പുതിയ നയത്തിൽ മാനസികരോഗ ചികിത്സാ രംഗത്തെ മറ്റ്

രോഗ ചികിത്സകളുമായി സംയോജിപ്പിച്ച് സമൂഹത്തിന്റെ താഴെത്തട്ടുവരെ ലഭ്യമാക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം മാനസിക രോഗമുള്ളവരുടെ പുനരധിവാസത്തിന് മറ്റു വകുപ്പുകളുമായി ചേർന്ന് ഒരു സമഗ്രമായ പദ്ധതിയാണ് പുതിയ നയത്തിൽ വിഭാവനം ചെയ്യുന്നത്. ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിലുള്ള നിയമസഭാ കമ്മറ്റി മൂന്ന് മെന്റൽ ഹെൽത്ത് സെന്ററുകൾ സന്ദർശിച്ച് വിശദമായ ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ച് സമിതിയുടെ നിർദ്ദേശങ്ങൾ പരമാവധി നടപ്പിലാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച സൈക്യാട്രി മേഖലയിൽ നഴ്സിംഗ് പരിശീലനം നൽകുക എന്നത് പ്രധാന കാര്യമാണ്. മാനസികാരോഗ്യ കേന്ദ്രത്തിലെ നഴ്സുമാർക്ക് പ്രത്യേകമായ ട്രെയിനിംഗ് നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

**(2) <u>ഭാഷാന്യൂനപക്ഷ സ്കൂൾ വിദ്യാർത്ഥികളുടെ ആശങ്ക</u>**

<u>ശ്രീ. എസ്. രാജേന്ദ്രൻ)</u>: സർ, മലയാളഭാഷ നിർബന്ധമാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ വളരെ വലിയ ഒരാവശ്യമാണ്. ഇവിടെ ഒരാശങ്കയാണ് ഞാൻ അവതരിപ്പിക്കുന്നത്. 1951-ൽ സംസ്ഥാനം രൂപീകരിക്കപ്പെട്ടപ്പോൾ മലയാള ഭാഷയോടൊപ്പംതന്നെ ഭാഷാന്യൂനപക്ഷങ്ങൾക്ക് നിയമപരമായി അവകാശങ്ങളും ആനുകൂല്യങ്ങളും നൽകപ്പെട്ടിരുന്നു. ഈ അവസരത്തിൽ ചില നടപടികളിലൂടെ ഇവർക്ക് ആശങ്കകൾ ഉയർന്നുവന്നിട്ടുണ്ട്. പുതിയ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട സബ്മിഷനിൽ റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിയിൽനിന്ന് മനസ്സിലാകുന്നത് അന്യസംസ്ഥാനങ്ങളിൽനിന്ന് വന്നവർക്ക് പട്ടയം നൽകരുതെന്ന് ഗവൺമെന്റ് പ്ലീഡർ ഹൈക്കോടതിയിൽ

സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തിട്ടുണ്ടെന്നാണ്. മറ്റൊന്ന് തമിഴ്, കന്നഡ മീഡിയം വിദ്യാലയങ്ങളുള്ള മേഖലകളിൽ പി.എസ്.സി. നിയമനം സംബന്ധിച്ച ആശങ്കകൾ നിലനിൽക്കുന്നുണ്ട്. ഇത്തരത്തിലുള്ള ആശങ്കകൾ മാറ്റി നിലവിലുള്ള വ്യവസ്ഥകളും ആനുകൂല്യങ്ങളും അവകാശങ്ങളും സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പുവരുത്തുന്നതിന് അങ്ങ് ഇടപെട്ട് ഒരു യോഗം വിളിച്ചുചേർത്ത് നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അപേക്ഷ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭാഷാന്യൂനപക്ഷങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കയെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ഭാഷാന്യൂനപക്ഷങ്ങളോട് വിശാലമായ ഒരു സമീപനമാണ് കേരളം എന്നും എടുത്തിട്ടുള്ളത്. അത് തുടരണം എന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. ഇപ്പോൾ പി.എസ്.സി. എടുത്ത തീരുമാനമെന്നുപറയുന്നത് ഗവൺമെന്റ് എടുത്ത തീരുമാനം പി.എസ്.സി.-ക്ക് അയച്ചുകൊടുത്ത് അത് പി.എസ്.സി. അംഗീകരിച്ചതാണ്. അത് ഗവൺമെന്റിൽ നിന്നുള്ള നിർദ്ദേശമാണ്. ഇതുമൂലം ഭാഷാന്യൂനപക്ഷങ്ങളിൽ മലയാളം അറിയാത്തവർക്ക് ജോലി ലഭിക്കാതിരിക്കും എന്നുള്ള ഒരു ആശങ്ക വന്നിട്ടുണ്ട്. അതിനെങ്ങനെ പരിഹാരമുണ്ടാക്കാൻ സാധിക്കും എന്നുള്ളത് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അടുത്ത സമയത്ത് ഇവിടെ ചില സമരങ്ങളും പ്രകടനങ്ങളുമൊക്കെ നടന്നു. മലയാളം നിർബന്ധിതമാക്കുന്ന ഒരു നിയമനിർമ്മാണം വേണമെന്നാണ് അവർ ഉന്നയിച്ച ആവശ്യം. ഈ നിയമസഭയിലെ എല്ലാ കക്ഷി നേതാക്കളെയും ~~കൂടെ~~ വിളിച്ചുകൂട്ടി അവരുമായി സംസാരിച്ച് എല്ലാ കക്ഷികളുടേയുംകൂടി ~~ഒരു~~ തീരുമാനപ്രകാരം മാത്രമേ ഇതുസംബന്ധിച്ച് ഒരു തീരുമാനമെടുക്കുകയുള്ളൂ എന്നാണ് അവരോട് ഞങ്ങൾ പറഞ്ഞത്. ഇതിന്

രണ്ടുകാര്യം പരിശോധിക്കണം. ഒന്ന്, മറ്റു സംസ്ഥാനങ്ങളിൽ ഭാഷാന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്ന സംരക്ഷണം; രണ്ട്, ഇവിടെ കാലാകാല ങ്ങളിലായി നമ്മൾ പിന്തുടർന്നിട്ടുള്ള വിശാലമായ ഒരു സമീപനം; ഇത് രണ്ടുംകണക്കിലെടുത്തുകൊണ്ടായിരിക്കും ഇതുസംബന്ധിച്ച തീരുമാനമെടു ക്കുന്നത്. ഇക്കാര്യത്തിൽ ഭാഷാന്യൂനപക്ഷങ്ങൾക്ക് ഒരു ആശങ്കയും വേണ്ട. കാസർഗോഡ് ജില്ലയിലെ എം.എൽ.എ.മാർ നിവേദനം തന്നിട്ടുണ്ട്. ഈ പ്രശ്നം അങ്ങ് ഇവിടെ ഉന്നയിച്ചു. അത് പ്രത്യേകമായി പരിഗണിക്കും. അതു പോലെ ഭൂമി പതിച്ചുകൊടുക്കുന്നതുസംബന്ധിച്ച് അങ്ങ് ഇപ്പോൾ പറഞ്ഞു. ഞാനത് പൂർണ്ണമായും പരിശോധിച്ചിട്ടില്ല. പക്ഷേ, അവിടെ ഒരേ ദിവസം കുറേയധികം ആപ്ലിക്കേഷൻസ് വന്ന ഒരു സാഹചര്യത്തിൽ കൂടുതൽ കരുതലോടുകൂടി മാത്രമേ അതിൽ ഒരു തീരുമാനമെടുക്കാവൂ എന്നയൊരു നടപടിയാണ് വന്നത്. അതല്ലാതെ അർഹതപ്പെട്ട ഒരാളെയും ഭാഷയുടെ പേരിൽ; ന്യൂനപക്ഷം എന്ന പേരിൽ ഒഴിവാക്കണം എന്ന നിർദ്ദേശം കൊടുത്തിട്ടില്ല. അർഹതയുള്ളവരാണോ, അതോ മറ്റു സാഹചര്യങ്ങളിൽ അർഹതയില്ലാത്തവർ ഈ ഭൂമി വാങ്ങിയെടുക്കാൻ ശ്രമിക്കുന്നതാണോ എന്നത് പ്രത്യേകം പരിശോധിക്കണം എന്ന നിലപാട് മാത്രമേ എടുത്തിട്ടുള്ളൂ. ഏതായാലും ഇതുസംബന്ധിച്ച ഒരു ആശങ്കയും വേണ്ട. അവരോട് എന്നും വളരെ വിശാലമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ആ പാരമ്പര്യം തന്നെ തുടർന്നും മുമ്പോട്ടുകൊണ്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. ഈ സഭയിലെ എല്ലാ കക്ഷിനേതാക്കളുമായും ആലോചിച്ചുമാത്രമേ ഇതുസംബന്ധിച്ച് ഒരു തീരുമാനമെടുക്കുകയുള്ളൂ.

## (3) <u>ഭവനനിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. വി. എം ഉമ്മർ മാസ്റ്റർ</u>: സർ, ഭവനനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവുമൂലം സാധാരണക്കാരായ ആളുകൾ അനുഭവിക്കുന്ന പ്രതിസന്ധി സംബന്ധിച്ച കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാനാണ് ഈ സബ്മിഷൻ. ഭവനനിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, ചെങ്കല്ല്, മെറ്റൽ, എം-സാൻഡ്, സിമെന്റ്, കമ്പി, മണൽ പോലെയുള്ള വസ്തുക്കളുടെ വില അനിയന്ത്രിതമായി ഉയരുകയാണ്. കേരളീയരെ സംബന്ധിച്ച് അണുകുടുംബ മായി മാറുകയാണ്. സ്വന്തമായി ഒരു വീടുണ്ടാകുക എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ പലരും വളരെ പ്രയാസത്തിലാണ്. ഓരോ വർഷവും 10% മുതൽ 50% വരെ വിലവർദ്ധനവ് അനുഭവപ്പെടുകയാണ്. ഇന്ന് മണൽ ഒരു ലോഡിന് 20000 രൂപയും കമ്പി ഒരു കിലോയ്ക്ക് 53 രൂപയും സിമെന്റ് ഒരു പായ്ക്കറ്റിന് 350 രൂപയും മെറ്റൽ ഒരു അടി 30 രൂപ, കരിങ്കൽ ഒരു ലോഡിന് 2500 രൂപ, ചെങ്കല്ല് ഒരെണ്ണത്തിന് 40 രൂപയും കൊടുക്കണം. ഈ കരിങ്കല്ല്, ചെങ്കല്ല്, മെറ്റൽ, എം-സാൻഡ്, മണൽ പോലെ യുള്ള വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിന് നിലവിൽ ഒരു സംവിധാന വുമില്ല. ക്വാറി ഉടമകൾ അവർക്ക് തോന്നുന്നതുപോലെ യഥേഷ്ടം വില നിർണ്ണയിക്കുകയാണ്. സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവനനിർമ്മാണ പദ്ധതികളുടെ വിസ്തീർണ്ണം 60 $m^2$ നിജപ്പെടുത്തി അതിന് രണ്ടരലക്ഷം രൂപവരെയാണ് സഹായം നൽകുന്നത്. 1 $m^2$ പണി തീരണമെങ്കിൽ ചുരുങ്ങിയത് 1000 രൂപയെങ്കിലും

വേണ്ടിവരും. നിർമ്മാണവസ്തുക്കൾ സൈറ്റിലെത്തിക്കാൻ വഴിസൗകര്യമില്ലെങ്കിൽ ചെലവ് കൂടുകയും ചെയ്യും. ഇതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ നിന്നുപോകുകയോ അതല്ലെങ്കിൽ ബ്ലേഡിന് പണം കടം വാങ്ങി ജീവിതകാലം മുഴുവൻ നരകിക്കുകയോ ചെയ്യേണ്ടിവരും. ഈ പ്രശ്നം പരിഹരിക്കേണ്ടതിലേക്കായി അങ്ങ് തന്നെ താല്പര്യമെടുത്ത് ആരംഭിച്ചിട്ടുള്ള കലവറ പദ്ധതി ഇനിയും സജീവമാകേണ്ടതായിട്ടുണ്ട്. കേരള ത്തിൽ ഇപ്പോൾ 9 കേന്ദ്രങ്ങളിലാണ് കലവറയുള്ളത്. മലബാർ മേഖലയിലും വളരെ കുറവാണ്. അതുകൊണ്ട് കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ ബ്ലോക്ക് ആസ്ഥാനത്തും കലവറ ആരംഭിക്കുകയും അതുപോലെ കലവറയിൽ എല്ലാ സാധനസാമഗ്രികളും ആവശ്യത്തിന് വിതരണം ചെയ്യുന്നതിനുമുള്ള ഒരു സംവിധാനമുണ്ടാക്കി ഈ പ്രശ്നത്തിന് ഒരു ശാശ്വതപരിഹാരം ഉണ്ടാക്കണ മെന്നും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഭവന നിർമ്മാണ സാമഗ്രികളുടെ കുതിച്ചുയരുന്ന വില ഭവനനിർമ്മാണ രംഗത്ത് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. ഇതിന് മുഴുവൻ നമുക്ക് പരിഹാരമില്ല; ഒരു പരിധിവരെ സഹായിക്കാൻ ഭവനനിർമ്മാണ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നിർമ്മിതി കേന്ദ്രം, ഭവനനിർമ്മാണ സാമഗ്രികൾ ബി.പി. എൽ.കാർക്ക് 15% വിലക്കുറച്ച് കൊടുക്കുന്നുണ്ട്. ഇപ്പോൾ 9 കലവറക ളുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് ഇത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാം. 6 എണ്ണം ഉടൻ

തന്നെ ആരംഭിക്കാനായിട്ടുള്ള നടപടികൾ എടുക്കാം. കോൺക്രീറ്റ് ബ്ലോക്ക്, സ്റ്റെബിലൈസ്ഡ് മഡ് ബ്ലോക്ക്, കോൺക്രീറ്റ് കട്ടള, ജനൽ ഫ്രെയിമുകൾ എന്നിവയാണ് നിർമ്മിച്ചുവരുന്നത്. അവ ആവശ്യക്കാർക്ക് മിതമായ വിലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മണലിന്റെ ദൗർലഭ്യമാണ് പാർപ്പിട നിർമ്മാണമേഖല നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളി. അനധികൃത മണലൂറ്റുകാരിൽനിന്നും റവന്യൂ, പോലീസ് അധികാരികൾ പിടിച്ചെടുക്കുന്ന മണൽ, സർക്കാർ അംഗീകരിച്ച നിരക്കിൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ വഴി അർഹരായവർക്ക് നൽകിവരുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും മണൽ കൊണ്ടുവരുന്നത് പരമാവധി പ്രോത്സാഹിപ്പിക്കുക, മണലിനുപകരം എം-സാൻഡ് നിർമ്മാണവും ഉപയോഗവും പ്രോത്സാഹിപ്പിക്കുക എന്നിവ യാണ് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ, ഇതുകൂടാതെ മണൽ ഉപയോഗം കുറയ്ക്കുന്നതിന് സിമെന്റ് സ്റ്റെബിലൈസ്ഡ് മഡ് ബ്ലോക്ക്, ഇന്റർലോക്ക്ഡ് ബ്ലോക്ക് എന്നിവകൊണ്ട് ചുമർനിർമ്മാണം പ്രോത്സാഹിപ്പിച്ചും വരുന്നു.

## (4) <u>കൊയ്ത്തു മെതി യന്ത്രങ്ങൾ</u>

<u>ശ്രീ. ജി. സുധാകരൻ</u>: സർ, കുട്ടനാട്, അമ്പലപ്പുഴ, ചേർത്തല, ചെങ്ങന്നൂർ, മാവേലിക്കര, കാർത്തികപ്പള്ളി, പത്തനംതിട്ട, തിരുവല്ല, കോട്ടയം, വൈക്കം എന്നീ 10 താലൂക്കുകളിലെ 84 വില്ലേജുകൾ ഉൾപ്പെട്ട കുട്ടനാടൻ പാടശേഖരങ്ങൾക്ക് രണ്ടരലക്ഷം വിസ്തൃതിയുണ്ടായിരുന്നത് ഇപ്പോൾ ഒന്നര ലക്ഷത്തിൽ താഴെയായി കുറഞ്ഞിരിക്കുകയാണ്. ആവശ്യ ത്തിന് കർഷകത്തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യത്തിൽ കൊയ്ത്തു മെതിയന്ത്രങ്ങളെ കർഷകൻ ആശ്രയിക്കുന്നു. കൊയ്ത്തുമെതിയന്ത്രങ്ങൾ

ലഭിക്കാത്തതുമൂലം കൊയ്തെടുക്കാൻ കഴിയാതെ നെല്ല് പാടശേഖരങ്ങളിൽ കിടന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സഹകരണ മേഖല, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കൃഷി വകുപ്പ് എന്നിവ സംയുക്തമായി ഇടപെട്ട് കുട്ടനാടൻ പാടശേഖരങ്ങൾക്ക് അനുയോജ്യമായ കൊയ്ത്തുമെതിയന്ത്രങ്ങൾ മിതമായ വിലയ്ക്ക് നൽകുകയും ബാക്കിയുള്ളത് കോൺട്രാക്ടർമാർ നൽകുകയും ചെയ്തിരുന്നു. ഇത്തവണ ആലപ്പുഴ ജില്ലാ കളക്ടർ ആത്മാർത്ഥമായി ശ്രമം നടത്തുന്നുണ്ടെങ്കിലും സർക്കാരിന്റെ ഭരണ സംവിധാനം, കൃഷി വകുപ്പ് ഉണർന്നു പ്രവർത്തിക്കുന്നില്ല. കർഷകർക്ക് കൊയ്ത്തുമെതിയന്ത്രങ്ങൾ നൽകേണ്ട സർക്കാർ ഏജൻസികളായ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും അഗ്രോ മെഷനറീസ് കോർപ്പറേഷനും ഉണർന്നു പ്രവർത്തിക്കുന്നില്ല. ഈ ഏജൻസികൾ കമ്മിഷൻ ഏജന്റുമാർ വഴി സർക്കാരിന്റെ കൊയ്ത്തുമെതിയന്ത്രങ്ങൾ വിതരണം ചെയ്തുവരിക യാണ്. കർഷകരെ ചൂഷണം ചെയ്യുന്ന കമ്മിഷൻ ഏജന്റ്മാർ കർഷകരിൽ നിന്നും ഉയർന്ന വാടക ഈടാക്കുന്നു. ഈ യന്ത്രങ്ങളിൽ ജി.പി.എസ്. സംവിധാനമില്ലാത്തതിനാൽ ഒരു യന്ത്രം എത്ര മണിക്കൂർ പ്രവർത്തിച്ചുവെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. കമ്മിഷൻ ഏജന്റുമാർ പ്രവർത്തിപ്പിച്ച് മണിക്കൂറുകൾ കുറച്ചുകാണിച്ചും കർഷകരിൽനിന്നും ഉയർന്ന വാടക ഈടാക്കിയും വൻലാഭമുണ്ടാക്കുകയാണ്. ഇത് ആലപ്പുഴയിൽ വലിയ പ്രതിഷേധമുണ്ടാക്കിയിരിക്കുകയാണ്. കൃഷി വകുപ്പിലെയും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലേയും ചില ഉദ്യോഗസ്ഥരും പാടശേഖര സമിതി ഭാരവാഹികളും ഇതിന് കൂട്ടുനിൽക്കുന്നുണ്ട്. ഒരു കൊയ്ത്തുമെതി യന്ത്രത്തിന് ഒരു മണിക്കൂറിന് 1800 രൂപ വച്ചാണ് കളക്ടറുടെ തീരുമാന

പ്രകാരം കൊടുക്കേണ്ടത്. ഒരു ദിവസം 10 മണിക്കൂറിൽ കുറയാതെ പ്രവർത്തിക്കുമ്പോൾ 18000 രൂപ ലഭിക്കുന്നു. എന്നാൽ മണിക്കൂറിന് 2000 മുതൽ 2500 രൂപ വരെ കർഷകനിൽനിന്ന് കമ്മിഷൻ ഏജന്റുമാർ ഈടാക്കുകയാണ്. കുട്ടനാടൻ പാടശേഖരങ്ങളിൽ 40 ദിവസം പ്രവർത്തി ലഭിച്ചാൽ കളക്ടർ നിർദ്ദേശിച്ച കണക്ക് പ്രകാരം 7,20,000 ലഭിക്കും. ഒരു യന്ത്രം പ്രവർത്തിപ്പിക്കുന്നതിന് പരമാവധി 1000 രൂപയിൽ കൂടുതൽ ചെലവാകുന്നില്ല. അപ്പോൾ 40 ദിവസം പ്രവർത്തിക്കുമ്പോൾ 400000 രൂപയേ ചെലവാകുന്നുള്ളൂ. ബാക്കി മൂന്നേകാൽ ലക്ഷം രൂപ ഇവർ അധികം വാങ്ങുന്നത് ഉദ്യോഗസ്ഥന്മാരും കമ്മിഷൻ ഏജന്റുമാരും തട്ടിയെടുക്കുകയാണ്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാടൻ പാടശേഖരങ്ങൾക്കനുയോജ്യമായ കൊയ്ത്തുമെതിയന്ത്രങ്ങൾ ആവശ്യത്തിന് വാങ്ങിനൽകാത്തത് സീരിയസ്സായ കാര്യമാണ്. വാങ്ങിയ യന്ത്രങ്ങളാണ് കമ്മിഷൻ ഏജന്റുമാർക്ക് കൃത്രിമരേഖയുണ്ടാക്കി കൃഷി ഉദ്യോഗസ്ഥന്മാരും ഈ ഏജൻസികളും ഓടിച്ചുകൊണ്ടിരിക്കുന്നത്. സീസൺ കഴിഞ്ഞ് അവ പഞ്ചായത്തിൽതന്നെ സൂക്ഷിക്കുവാനും ആവശ്യത്തിന് വാങ്ങി സൂക്ഷിക്കുവാനും റിപ്പയർ ചെയ്യുവാൻ മേഖലാതലത്തിൽ വർക്ക്ഷോപ്പുകൾ നിർമ്മിക്കുവാൻ നടപടി ഉണ്ടാകണം. കർഷകരെ ചൂഷണംചെയ്ത് കമ്മിഷൻ ഏജന്റ്മാർക്ക് ലാഭംകൊയ്യാൻ കൂട്ടുനിൽക്കുന്ന കൃഷിവകുപ്പിലെയും അഗ്രോ ഇൻഡസ്ട്രീസ്, അഗ്രോ മെഷിനറി കോർപ്പറേഷനുകളിലെ ഉദ്യോഗസ്ഥന്മാർ, അതിന് സഹായകരമായി പ്രവർത്തിച്ച ചില പാടശേഖര ഭാരവാഹികൾ എന്നിവർക്കെതിരെ വിജിലൻസ് എൻക്വയറി നടത്താൻ അങ്ങ് തയ്യാറാക

ണമെന്ന് ആവശ്യപ്പെടുന്നു. അങ്ങ് ഇത് ഗൗരവമായി ഇതുവരെ എടു ത്തിട്ടില്ല എന്ന ഒരു ആക്ഷേപമുണ്ട്. മന:പൂർവ്വമല്ല, ഞാൻ അങ്ങയുടെകൂടി യശസ്സിനുവേണ്ടിയാണ് പറയുന്നത്. ഒരു അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ഗൗരവമുള്ള പ്രശ്നം തന്നെയാണ്. കുട്ടനാട് പാക്കേജിലെ 85 കോടി രൂപ യുടെ കാർഷിക യന്ത്രവത്കരണ പദ്ധതി ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തി 150 കൊയ്ത്ത് മെതിയന്ത്രങ്ങൾ 100 ട്രാക്ടറുകൾ 92 പവർ ട്രില്ലറുകൾ എന്നിവയാണ് ലഭ്യമാക്കിയിട്ടുള്ളത്. സംസ്ഥാന കാർഷിക എഞ്ചിനീയറിംഗ് വിഭാഗവും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ആലപ്പുഴ ജില്ലയിലെ പുഞ്ചക്കൊയ്ത്തിന് ആവശ്യമായ കൊയ്ത്ത്മെതിയന്ത്രങ്ങളുടെ ലഭ്യത സംബന്ധിച്ച് 15-2-2013-ൽ കൂടിയ യോഗത്തിൽ അവലോകനം നടത്തി യിരുന്നു. കെയ്കോ ഈ സീസണിൽ 175 യന്ത്രങ്ങൾ കൊയ്ത്തിനായി ലഭ്യമാക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ തുടർന്നുനടന്ന യോഗങ്ങളിൽ യന്ത്രങ്ങൾ മറ്റ് ജില്ലകളിലേക്കുകൂടി വിന്യസിച്ചിരിക്കുന്നതിനാൽ 74 യന്ത്രങ്ങൾ മാത്രമേ ആലപ്പുഴ ജില്ലയിൽ ലഭ്യമാക്കാൻ സാധിക്കൂ എന്ന് അറിയിച്ചു. 15-2-2013-ലെ യോഗത്തിൽ സ്വകാര്യ മേഖലയിലെ യന്ത്രങ്ങൾക്ക് മണിക്കൂറിൽ 1350 രൂപ നിശ്ചയിച്ചുനൽകാമെന്ന് കളക്ടറും മറ്റും പറഞ്ഞത് ഏജന്റുമാർ സമ്മതിക്കുകയും ചെയ്തു. എന്നാൽ പിന്നീടുള്ള ഇടപെടലുക ളിലൂടെ സ്വകാര്യ ഏജൻസികൾ കൊയ്ത്തിനിറങ്ങാൻ വൈമനസ്യം

കാണിച്ചത് തുടക്കത്തിൽ പ്രശ്നങ്ങളുണ്ടാക്കി. 13-3-2013-ൽ ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ സ്വകാര്യ കരാറുകാരുടെ യന്ത്രങ്ങൾക്ക് കായൽനിലങ്ങളിൽ 2000 രൂപയും മറ്റു സ്ഥലങ്ങളിൽ 1800 രൂപയും വരെ നൽകാമെന്ന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് സ്വകാര്യ യന്ത്രങ്ങൾ കൊയ്ത്തിന് ഇറങ്ങുകയും ഒരു പരിധിവരെ പ്രശ്നങ്ങളില്ലാതെ കൊയ്ത്ത് നടക്കുകയും ചെയ്തു. ഇന്നുവരെ 7518.8 ഹെക്ടറിലെ കൊയ്ത്ത് പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ കെയ്കൊയുടെ കൊയ്ത്ത് യന്ത്രങ്ങളും സ്വകാര്യ കൊയ്ത്ത്യന്ത്രങ്ങളും സഹകരണ മേഖലയിലെ കൊയ്ത്ത്യന്ത്രങ്ങളും മറ്റ് സർക്കാർ ഏജൻസികളുടെ യന്ത്രങ്ങളും ഉൾപ്പെടെ മൊത്തം 337 യന്ത്രങ്ങൾ കൊയ്ത്തിനിറങ്ങിയിട്ടുണ്ട്. കൊയ്ത്ത് യന്ത്രങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ജില്ലാതല ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞതുകൊണ്ടും മഴ മൂലവും മറ്റും കൃഷി കുറഞ്ഞിട്ടുണ്ട്. ഇക്കൊല്ലം കഴിഞ്ഞ കൊല്ലത്തേക്കാൾ 2.99 ഹെക്ടർ കുറവ് നിലങ്ങളിലാണ് പുഞ്ചക്കൃഷിയിറക്കിയത്. കൊയ്ത്ത്യന്ത്രങ്ങളുടെ സഹായത്താൽ മാത്രമാണ് കുട്ടനാട്ടിൽ കൊയ്ത്ത് നടത്തുന്നത്. മുൻകൊല്ലങ്ങളിൽ സ്വകാര്യ കൊയ്ത്തുയന്ത്രങ്ങൾ യഥാസമയം ഇറങ്ങിയതിനാൽ കൊയ്ത്ത് ഒരുവിധം സുഗമമായി നടന്നിരുന്നു. വാടക നിശ്ചയത്തിലെ ചില അപാകതകൾമൂലം സ്വകാര്യ യന്ത്രങ്ങൾ കൊയ്ത്തിനിറങ്ങാത്തതാണ് ഇക്കൊല്ലം തുടക്കത്തിൽ ചില പ്രശ്നങ്ങളുണ്ടാകാൻ കാരണം. കെയ്കോ യന്ത്രങ്ങൾ ഏജന്റുമാർ മുഖേന വിതരണം നടത്തുന്നുവെന്ന ആരോപണം ശരിയല്ല. കൃഷി ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ പാടശേഖര സമിതിക

ളുടെ അപേക്ഷയിൻമേലാണ് കെയ്കോ യന്ത്രങ്ങൾ വിതരണം ചെയ്യുന്നത്. കുട്ടനാട് പ്രദേശങ്ങൾക്ക് അനുയോജ്യമായ കൊയ്ത്ത് മെതിയന്ത്രങ്ങൾ സർക്കാർ സംവിധാനത്തിന് പുറമേ കർഷകരോ പാടശേഖര സമിതികളോ സർക്കാർ സഹായത്തോടെ വാങ്ങി കൊയ്ത്തിന് ലഭ്യമാക്കി കുട്ടനാടൻ മേഖലയിലെ കൊയ്ത്ത് പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൊയ്ത്ത് കഴിഞ്ഞയുടൻ യന്ത്രങ്ങൾ കുട്ടനാട് മേഖലകളിൽത്തന്നെ സൂക്ഷിക്കാനും അവയുടെ അറ്റകുറ്റപ്പണികൾ കാലാനുസൃതാമയി പൂർത്തീകരിക്കാനുമുള്ള നടപടി എടുക്കുന്നതുമാണ്. അതോടൊപ്പം ഈ വർഷത്തെ കൊയ്ത്തുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം സംബന്ധിച്ച് അന്വേഷണം നടത്തുന്നതാണ്.

## (5) ട്രാഫിക് പോലീസ് സ്റ്റേഷൻ

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: സർ, കാസർകോഡ് ജില്ല നിലവിൽ വന്നിട്ട് മൂന്ന് ദശാബ്ദത്തിലധികമായി. പക്ഷേ ഇതുവരെ അവിടെയൊരു ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് വളരെ നിർഭാഗ്യകരമാണ്. 20-10-2011-ന് ഇക്കാര്യം ഒരു സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കാസർകോഡ് ടൗണിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ട്രാഫിക് യൂണിറ്റ് ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തിയിരിക്കുന്നു എന്ന സന്തോഷകരമായ മറുപടിയാണ് അന്ന് ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്തിരുന്ന മുഖ്യമന്ത്രിയിൽ നിന്ന് ലഭിച്ചത്. കാസർകോഡ് ടൗണിലെ ഗതാഗതത്തിരക്കും ജനസാന്ദ്രതയും അപകടങ്ങളുടെ അനുപാതം കുറച്ചുകൊണ്ടുവരേണ്ടതിന്റെ ആവശ്യകതയും പരിഗണിച്ച് നിലവിലുള്ള

ട്രാഫിക് യൂണിറ്റ് ഒരു ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തി 2-4-2012-ൽ ആഭ്യന്തരം (ഇ) വകുപ്പിന്റെ 97/12 നമ്പർ ഉത്തരവുണ്ടായിരുന്നു. പക്ഷേ വഞ്ചി ഇപ്പോഴും തിരുനക്കര തന്നെയാണ്. ട്രാഫിക് യൂണിറ്റ് അങ്ങനെതന്നെ തുടരുകയാണ്. ട്രാഫിക് പോലീസ് സ്റ്റേഷനിലേക്ക് ആവശ്യമായ തസ്തികകൾ, ഇൻസ്പെക്ടർ ട്രാഫിക് -1, സബ് ഇൻസ്പെക്ടർ -3, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ -5 , സീനിയർ സിവിൽ പോലീസ് ഓഫീസർ-16, സിവിൽ പോലീസ് ഓഫീസർ-30, വനിതാ സിവിൽ പോലീസ് ഓഫീസർ-10, പോലീസ് ഡ്രൈവർ -4, പാർട്ട്ടൈം സ്വീപ്പർ-1 എന്നിവ പുനർവിന്യാസംവഴി കണ്ടെത്തേണ്ടതാണെന്നാണ് സർക്കാർ ഉത്തരവിൽ പറഞ്ഞരിരിക്കുന്നത്. കേരളത്തിലെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കാസർകോഡ് മേഖലയുടെ പ്രത്യേകത നമുക്കെല്ലാവർക്കുമറിയാം. നിരന്തരം സംഘർഷങ്ങളും ക്രമസാമാധാന പ്രശ്നങ്ങളും കാസർകോഡ് ജില്ലയിലുണ്ടാകുന്നു. ഇപ്പോഴത്തെ പോലീസ് സ്ട്രെങ്ത് വർദ്ധിപ്പിക്കണമെന്ന ന്യായമായ ആവശ്യം നിലവിലിരിക്കെ പുനർവിന്യാസം നടത്തി ട്രാഫിക് പോലീസ് സ്റ്റേഷൻ തുടങ്ങിക്കോയെന്ന് സർക്കാർ പറയുന്നത് പ്രായോഗികമല്ല. തസ്തികകൾ പുതുതായി കണ്ടെത്തി കാസർകോഡ് ട്രാഫിക് പോലിസ് സ്റ്റേഷൻ യാഥാർത്ഥ്യമാക്കണമെന്ന് വിനയപൂർവ്വം ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട നെല്ലിക്കുന്ന് ഇവിടെ സൂചിപ്പിച്ചതുപോലെ, ട്രാഫിക് പോലീസ് സ്റ്റേഷനിലെ തസ്തികകൾ പുനർവിന്യാസം വഴി വേണമെന്നാണ് 20-4-2012-ലെ ഉത്തരവിൽ പറഞ്ഞിരി

ക്കുന്നത്. അവിടത്തെ ട്രാഫിക് പോലീസ് യൂണിറ്റ് ട്രാഫിക് പോലിസ് സ്റ്റേഷനായി ഉയർത്തുക എന്നത് ഗവൺമെന്റ് നയപരമായി തീരുമാനിച്ചുക ഴിഞ്ഞു. അങ്ങ് ഇവിടെ സൂചിപ്പിച്ചത് പുനർവിന്യാസം ഒഴിവാക്കണമെന്നുള്ള താണ്. അത് ഒഴിവാക്കണമെങ്കിൽ ആഭ്യന്തര വകുപ്പിന് മാത്രമായി ഒന്നും ചെയ്യാൻ കഴിയില്ല. ധനകാര്യ വകുപ്പിന്റെ കൂടി അംഗീകാരമുണ്ടെങ്കിലേ സാധ്യമാകൂ. ഏതായാലും ഗവൺമെന്റ് ഇത് ഗൗരവമായി പരിശോധിച്ച് ആവ ശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (6) സി.എച്ച്.സി.യിലെ അടിസ്ഥാന സൗകര്യ വികസനം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, കൊയിലാണ്ടി മുനിസിപ്പാലിറ്റി മുതൽ വയനാട് വൈത്തിരി പടിഞ്ഞാറത്തറ പഞ്ചായത്ത്വരെ വ്യാപിച്ചു കിടക്കുന്ന സംസ്ഥാനത്തെ ഏറ്റവും ഭൂവിസ്തൃതിയുള്ള മണ്ഡലമാണ് പേരാമ്പ്ര. പ്രത്യേകിച്ച് മലയോര പ്രദേശമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെയുള്ള ഏക സി.എച്ച്.സി. താലൂക്ക് ആശുപ്രതിയായി ഉയർത്തി. അതിനുള്ള സാഹചര്യമുണ്ടാക്കിയത് എം.എൽ.എ/എം.പി. ഫണ്ട്, ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് എന്നിവയുടെ സഹായത്തോടെയാണ്. കേരള ത്തിലെ ഏറ്റവും മനോഹരമായ ആശുപത്രികളിലൊന്നാണത്. ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ആ ആശുപത്രി ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് കണ്ടതുമാണ്. ഇപ്പോൾ അവിടെ ഒരു ഡയാലിസിസ് സെന്റർ ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അഞ്ചുകോടി രൂപയുടെ എസ്റ്റിമേറ്റാണ്. ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജനകീയ പങ്കാളിത്തത്തോടുകൂടി ഒറ്റ ദിവസംകൊണ്ട് ഒരു കോടി പതിനൊന്ന് ലക്ഷം രൂപ പിരിച്ചെടുത്തിട്ടുണ്ട്. പുതിയ താലൂക്കിന്റെ കാര്യത്തിൽ അവഗണിച്ചെങ്കിലും ഇക്കാര്യത്തിൽ അനുകൂലമായ സമീപനമെ

ടുക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്. പേരാമ്പ്ര മണ്ഡലത്തിലെ ഈ സി. എച്ച്.സി.യിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാനും ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കാനും തയ്യാറാകുമോ, എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ആംബുലൻസ് വാങ്ങിയിട്ടുണ്ട്. സ്റ്റാഫിനെ അനുവദിക്കുന്നതോടൊപ്പം ഒരു പുതിയ കെട്ടിടവും അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): സർ, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ പേരാമ്പ്ര സി.എച്ച്.സി.യെ 6-11-2008-ലാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. 38 കിടക്കകളുള്ള ഈ ആശുപത്രിയിലെ ഒ.പി. 500-ഉം ഐ.പി. 50 മുതൽ 60 വരെയുമാണ്. ഈ ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡറിൽ അഞ്ച് ഡോക്ടർമാരുൾപ്പെടെ പത്ത് ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടുള്ളതിൽ ഒരു മെഡിക്കൽ ഓഫീസറുടെ ഒഴിവുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം. മുഖേന മൂന്ന് മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമാണ്. പാരാമെഡിക്കൽ വിഭാഗത്തിലുൾപ്പെടെ 41 ജീവനക്കാർ ഈ ആശുപത്രിയിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. കോൺഫറൻസ് ഹാളിന്റെ നിർമ്മാണം നടന്നുവരുന്നു. ബ്ലഡ് ബാങ്ക് സംവിധാനവും ഡയാലിസിസ് സംവിധാനവും നിലവിലില്ല. അടിസ്ഥാന സൗകര്യ വികസനവും ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനും സൗജന്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതുസംബന്ധിച്ചുമുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. എളമരം കരീം: സർ, അംഗൻവാടി വർക്കേഴ്സ്/ഹെൽപ്പേഴ്സ് വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ ദയനീയ സാഹചര്യമാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അവരുടെ ഓണ റേറിയം ആയിരം രൂപയെങ്കിലും വർദ്ധിപ്പിക്കണമെന്നായിരുന്നു ജീവ നക്കാരുടെ സംഘടനകൾ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ഈ ബഡ്ജറ്റിൽ 400 രൂപയുടെ വർദ്ധവാണുണ്ടായത്. പ്രസ്തുത തുക അൽപം കൂടി വർദ്ധിപ്പിക്കണമെന്ന് മന്ത്രിയെ നേരിൽകണ്ട് ജീവനക്കാരുടെ സംഘടന ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ തവണ തുക വർദ്ധിപ്പിച്ചപ്പോൾ അവർക്ക് നാല് മാസത്തെ വർദ്ധിപ്പിച്ച തുകയുടെ കുടിശ്ശിക നൽകാൻ ഇപ്പോഴും ബാക്കി യാണ്. ഈ പ്രശ്നവും മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. കൂടാതെ പെൻഷൻതുക വർദ്ധിപ്പിക്കണമെന്നും ജീവനക്കാർ ആവശ്യപ്പെട്ടിരുന്നു. വളരെ തുച്ഛമായ തുകയാണ് അവർക്ക് പെൻഷനായി ലഭിക്കുന്നത്. അംഗൻ വാടി ജീവനക്കാർ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ കീഴിൽ കുഞ്ഞുങ്ങളുടെ സംരക്ഷണ പ്രവർത്തനം മാത്രമല്ല, സർക്കാർ ഏൽപ്പിക്കുന്ന മറ്റ് നിരവധി ജോലികൾ ചെയ്തുവരുന്നുണ്ട്. അവരുടെ ജോലിഭാരം കണക്കിലെടുത്ത് പ്രീ-പ്രൈമറി ടീച്ചേഴ്സ് എന്ന നിലയിലുള്ള ഒരു പരിഗണന നൽകി മാസം പതിനായിരം രൂപയെങ്കിലും വരുമാനം ലഭ്യമാക്കത്തക്കവിധത്തിൽ ഒരു പുനഃ സംഘടന ഈ മേഖലയ്ക്ക് ആവശ്യമാണെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി യുമായി നടത്തിയ ചർച്ചയിൽ ഉയർന്നുവന്നതാണ്. അതുപോലെ സർക്കാ

രിന്റെ ഭവനനിർമ്മാണ പദ്ധതിയായ ഐ.എ.വൈ., ഈ പാവങ്ങൾക്ക് 3,000 രൂപയിലധികം ശമ്പളം ലഭിക്കുന്നു എന്നുപറഞ്ഞ് അതുപോലും നിഷേധിക്കപ്പെടുകയാണ്. ആയതിനാൽ മാനുഷിക പരിഗണന വച്ചുകൊണ്ട് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ.എം.കെ. മുനീർ): സർ, അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയമാണ് പ്രതിഫലമായി നൽകിവരുന്നത്. വിദ്യാഭ്യാസ യോഗ്യതയും സർവ്വീസും അനുസരിച്ച് കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവുമുൾപ്പെടെ 2,500 മുതൽ 4,063 രൂപവരെയാണ് പ്രതിമാസ ഓണറേറിയം. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ ഓണറേറിയത്തിന്റെ സംസ്ഥാന വിഹിതം 1,000 രൂപയിൽ നിന്ന് 1,400 രൂപയായി വർദ്ധിപ്പിക്കാൻ ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ മിനിമം വേതനം നിർണ്ണയിക്കുന്ന കാര്യത്തിൽ തീരമാനമെടുക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. ഇത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ ക്കൊണ്ടുവരുന്നതാണ്. 62 വയസ്സ് പൂർത്തയായി വിരമിക്കുന്ന വർക്കർമാർക്ക് പ്രതിമാസം 500 രൂപയും ഹെൽപ്പർമാർക്ക് 300 രൂപയും അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫയർ ഫണ്ടിൽനിന്ന് പെൻഷനായി നൽകുന്നുണ്ട്. ഇവരുടെ പെൻഷൻതുകയും മറ്റ് ആനുകൂല്യങ്ങളും ക്ഷേമപ്രവർത്തനങ്ങളും വിപുലപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കേരള അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അതിന് ചെയർപേഴ്സണേയും അംഗങ്ങ

ളേയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയും നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. ബോർഡ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ അംഗൻവാടി ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. യോഗ്യരായ അംഗൻവാടി ജീവനക്കാരെ ഘട്ടംഘട്ടമായി പ്രീ-പ്രൈമറി ടീച്ചേഴ്സ് ആക്കുക എന്നത് സർക്കാരിന്റെ നയമാണ്. സംസ്ഥാനത്ത് 140 മാതൃക അംഗൻവാടികളുടെ നിർമ്മാണം ആരംഭിക്കാൻ പോകുകയാണ്. നിലവിലുള്ള 700-ഓളം അംഗൻവാടികളെ നബാർഡ് സഹായത്തോടെ വികസിപ്പിക്കാനും സർക്കാരിന് പദ്ധതിയുണ്ട്. ഈ നയത്തിന്റെ പ്രയോജനം അംഗൻവാടി ജീവനക്കാർക്കും ലഭ്യമാക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ശ്രീ. എളമരം കരീം പറഞ്ഞുപോലെ ഭവന നിർമ്മാണ പദ്ധതിയിൽ അവർക്ക് കടന്നുവരുന്നതിനുള്ള സാഹചര്യമുണ്ടാക്കുക, അതുപോലെതന്നെ അവരുടെ ഓണറേറിയം ഇപ്പോഴുള്ളതിൽനിന്നും അൽപംകൂടി വർദ്ധിപ്പിക്കുന്നതിന്, വരുന്ന ബഡ്ജറ്റിൽ നിർദ്ദേശം കൊണ്ടുവരുന്നതിനായി ധനകാര്യവകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമായ ഒരു വിഭാഗമാണ്. അവർ ചെയ്യുന്ന സേവനങ്ങൾ സംസ്ഥാനത്തിന് ഏറെ ഗുണം ചെയ്യുന്നു എന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ അവരുടെ സേവനത്തെ അർഹിക്കുന്ന ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## (8) റിസോഴ്സ് ടീച്ചേഴ്സിന്റെ തൊഴിൽ സുരക്ഷ

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ കീഴിൽ ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിന് റിസോഴ്സ് അദ്ധ്യാപകർ നൽകുന്ന സേവനം വിലമതിക്കേണ്ടതാണ്. സംസ്ഥാനത്തെ ബി.ആർ.സി.യുടെ പരിധിയിൽ ഏകദേശം 1600-ൽപ്പരം റിസോഴ്സ് അദ്ധ്യാപകർ ജോലി ചെയ്യുന്നു. ഇടുക്കി ജില്ലയിൽതന്നെ 70-ഓളം റിസോഴ്സ് അദ്ധ്യാപകരുണ്ട്. ഈ അദ്ധ്യാപകരിൽ ഏറിയ പങ്കും സംസ്ഥാനത്ത് ഡി.പി.ഇ.പി. നിലവിൽവന്ന കാലംമുതൽ ജോലി ചെയ്യുന്നവരാണ്. ഇടുക്കി ജില്ലയിലെ വിദൂര പ്രദേശങ്ങളിൽ, പ്രത്യേകിച്ച് തോട്ടം മേഖലകളിൽ സ്കൂളിൽ പോകാൻ സാധിക്കാത്ത ശയ്യാവലംബരും നിർധനരുമായ കുട്ടികളുടെ ഏക ആശ്രയമാണ് പ്രത്യേക പരിശീലനം സിദ്ധിച്ച ഈ അദ്ധ്യാപകർ. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ പതിനഞ്ചിൽപ്പരം വർഷങ്ങളായി ശാരീരികവും മാനസികവുമായ ന്യൂനതകളുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി സേവനം അനുഷ്ഠിച്ചുവരുന്ന ഈ അദ്ധ്യപകർ വിസ്മരിക്കപ്പെടാൻ പാടില്ലായെന്നുള്ളത് തികച്ചും മനുഷ്യത്വപരമാണ്. കേരളത്തിലെ സർക്കാർ സ്കൂളുകളിലോ നിലവിലുള്ള ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളിലോ റിസോഴ്സ് ഹോമിലോ ഇവരെ നിയമിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ റിസോഴ്സ് അദ്ധ്യാപകരെ പ്രയോജനപ്പെടുത്തിയാൽ പ്രത്യേക പരിഗണന അർഹിക്കുന്ന ആയരക്കണക്കിന് കുട്ടികൾക്കും അവരെ ഓർത്ത് വിഷമിക്കുന്ന മാതാപിതാക്കൾക്കും ഇത് വലിയൊരു ആശ്വാസമാകും. അതുകൊണ്ടുതന്നെ എസ്.എസ്.എ.യുടെ

കീഴിലുള്ള റിസോഴ്സ് ടീച്ചേഴ്സിന്റെ തൊഴിൽസുരക്ഷ ഉറപ്പുവരുത്തുന്നതിന് അടിയന്തരനടപടി കൈക്കൊള്ളണമെന്നതാണ് എന്റെ സബ്മിഷൻ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയുടെ കീഴിൽ പ്രത്യേക പരിഗണന അർഹിക്കുന്ന 1,78,201 കുട്ടികൾ സംസ്ഥാനത്ത് ഇപ്പോഴുണ്ടെന്നാണ് ഇതുസംബന്ധിച്ച് അവസാനമായി നടത്തിയ സർവ്വേ വെളിപ്പെടുത്തുന്നത്. ഇവരുടെ വിദ്യാഭ്യാസത്തിനായി സംസ്ഥാനത്ത് എസ്.എസ്.എ. മുഖേന 1618 റിസോഴ്സ് അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. നിലവിൽ ഈ അദ്ധ്യാപകർക്ക് 10,000 രൂപ പ്രതിമാസ ഓണറേറിയവും പരമാവധി 500 രൂപ യാത്രാബത്തയും നൽകിവരുന്നു. 2013-14 വർഷത്തിൽ 15,000 രൂപ വീതം ഇവർക്ക് പ്രതിഫലം നൽകുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രമാനവശേഷി വികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇത് എം.എച്ച്.ആർ.ഡി.യുടെ പരിഗണനയിലാണ്. 2013-14 വർഷത്തിൽ ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസാവശ്യത്തിനായി 5346.03 ലക്ഷം രൂപ അനുവദിക്കണമെന്നാണ് എം.എച്ച്.ആർ.ഡി.യോട് ശുപാർശ ചെയ്തിരിക്കുന്നത്. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഐ.ഇ.ഡി.അഡ്മിനിസ്ട്രേറ്റീവ് സെൽമുഖേന 622 റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് 14,620 രൂപ പ്രതിമാസ ഓണറേറിയവും 400 രൂപ സ്പെഷ്യൽ അലവൻസും നൽകിവരുന്നു. എം.എച്ച്.ആർ.ഡി.യുടെ നിബന്ധന അനുസരിച്ച് സർവ്വ ശിക്ഷാ അഭിയാനിൽ സ്ഥിരം നിയമനം പാടില്ല. ഇതൊരു സമയബന്ധിത പ്രോജക്ടായതിനാൽ നിയമനങ്ങളെല്ലാം കരാർ അടിസ്ഥാനത്തിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ആയിരിക്കണം. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് റിസോഴ്സ് അദ്ധ്യാപകരെ ലഭ്യമല്ല. അതിനാൽ റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ

മാത്രമേ നിയമിക്കാൻ കഴിയുകയുള്ളൂ. നിലവിൽ കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്ന റിസോഴ്സ് അദ്ധ്യാപകരുടെ നിയമന കാലാവധി 2013 മാർച്ച് 31-ന് അവസാനിക്കുകയാണ്. എം.എച്ച്.ആർ.ഡി.യിൽനിന്നും ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ഇവരുടെ പ്രവർത്തന മികവ് കണക്കിലെ ടുത്തും ഇവരുടെ പുനർനിയമനം 2013-14 വർഷത്തിലും തുടരുന്നതാണ്. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്ക് പരിഹാരബോധന ക്ലാസ്സുകൾ എല്ലാ ശനിയാഴ്ചകളിലും ബി.ആർ.സി.കളിലെ റിസോഴ്സ് റൂമിൽ എസ്.എസ്.എ.യിലെ റിസോഴ്സ് ടീച്ചർമാരാണ് നൽകിവരുന്നത്. റിസോഴ്സ് അദ്ധ്യാപകരുടെ പുനർനിയമനം 2013-14 വർഷത്തിൽ തുടരാനുള്ള സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ അവരുടെ സേവനം ഇതേ രീതിയിൽ തുടർന്നും പ്രയോജനപ്പെടുത്താൻ സർക്കാരിന് കഴിയുമെന്നാണ് കരുതുന്നത്.

## (9) സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരായി അംഗീകരിക്കൽ

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, കേരളത്തിൽ ഏതാണ്ട് 2639-ഓളം വരുന്ന സാക്ഷരതാ പ്രേരക്മാരുണ്ട്. അവർ എതാണ്ട് 2,240 രൂപയ്ക്ക് ഒരു മാസം ജോലി ചെയ്യേണ്ട സാഹചര്യമാണുള്ളത്. കഴിഞ്ഞ പതിനഞ്ച് വർഷക്കാലമായി കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിൽ നിർണ്ണായകമായ സംഭാവന നൽകിയിട്ടുള്ളവരാണ് സാക്ഷരതാ പ്രേരക്മാർ. ഏറ്റവും അഭിമാനാർഹമായ നേട്ടം കൈവരിക്കുന്നതിൽ ഇവർ നൽകിയിട്ടുള്ള സംഭാവന എടുത്തുപറയേണ്ടതാണ്. 2639 സാക്ഷരതാ പ്രേരക്മാരിൽ ഏതാണ്ട് 90 ശതമാനവും സ്ത്രീകളാണ്. ഇതിൽ 86 ശതമാനത്തോളം

അഭ്യസ്തവിദ്യരായിട്ടുള്ളവരാണ്. അങ്ങ് അധികാരത്തിൽ വന്നതിനുശേഷ മാണ് ഇവർക്ക് അൽപം ശമ്പളവർദ്ധനവ് നൽകിയതെങ്കിൽപ്പോലും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ലഭിക്കുന്ന കൂലിപോലും ഇന്നവർക്ക് ലഭിക്കുന്നി ല്ലായെന്നുള്ളത് ഏറ്റവും വേദനാജനകമായ കാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയടക്കം വികസനോന്മുഖമായ വിഷയങ്ങളിൽ സാക്ഷരതാ പ്രേരക്മാരുടെ സംഭാവന വളരെ വലുതാണ്. ഈ വിഷയങ്ങൾ പരിഗണിച്ചു കൊണ്ട് അവർക്കൊരു മികച്ച സേവന-വേതന വ്യവസ്ഥ നടപ്പാക്കണ മെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. അതോടൊപ്പം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരായി അംഗീകരിക്കു ന്നതിനുകൂടി നടപടി സ്വീകരിക്കണമെന്നുള്ള വിഷയവും അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി നടപ്പിലാക്കി വരുന്ന സാക്ഷരത - തുടർ വിദ്യാ ഭ്യാസ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തൊട്ടാകെ 2639 സാക്ഷരതാ പ്രേര ക്മാർ ഇപ്പോൾ സേവനം ചെയ്തുവരുന്നു. ദേശീയ സാക്ഷരതാ മിഷന്റെ നിബന്ധനയനുസരിച്ച് സംസ്ഥാന സാക്ഷരതാ മിഷൻ വഴി നിയമിക്കപ്പെട്ട ഇവർ ഓണറേറിയം വ്യവസ്ഥയിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളിലൂടെയാണ് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. പ്രേര ക്മാരുടെ പ്രതിതമാസ ഓണറേറിയം 9-9-2005-ലെ സർക്കാർ ഉത്തരവ് സാധാരണ നമ്പർ 3876/2005 (തദ്ദേശസ്വയംഭരണ വകുപ്പ്) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനത്ഫണ്ടിൽനിന്നും ചെലവഴിച്ച് നൽകുകയും സംസ്ഥാന സാക്ഷരതാ മിഷന്റെ ഗ്രാന്റ് തുകയിൽനിന്ന് പിന്നീട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുകയുമാണ് ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുണ്ടായിരുന്ന ഓണറേറിയം തുകയിൽ 24-8-2012-ലെ സർക്കാർ ഉത്തരവ് സാധാരണ നമ്പർ 4084/2012 പൊതു വിദ്യാഭ്യാസ വകുപ്പുപ്രകാരം 60 ശതമാനം വർദ്ധനവ് വരുത്തുകയും ഇതിന് 1-1-2012-മുതൽ മുൻകാല പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം ഇപ്പോൾ ഒരു വികസന വിദ്യാകേന്ദ്രം പ്രേരകിന് പ്രതിമാസം 3,040 രൂപയും തുടർ വിദ്യാകേന്ദ്രം പ്രേരകിന് 2,240 രൂപയും നൽകിവരുന്നു. കൂടാതെ 5-3-2013-ൽ കൂടിയ സംസ്ഥാന സാക്ഷരതാ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി 40 ശതമാനം ഓണറേറിയം വർദ്ധന വിനുംകൂടി ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഓണറേറിയം വ്യവസ്ഥയിൽ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരായി അംഗീകരിക്കുന്നതുസംബന്ധിച്ച നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(10) പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം

ശ്രീ വി. ഡി. സതീശൻ: സർ, കേരളത്തിലെ സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വർഷങ്ങളായി ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇപ്പോൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. കേരളത്തിൽ ധാരാളം സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനുകളുണ്ട്. പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുമാത്രമേ ഇപ്പോൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ. ഡിഗ്രി ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് പഠിക്കുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യമാണ് പെട്ടെന്ന് ഇല്ലാതായിരിക്കുന്നത്. അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്ന വളരെ പ്രധാനപ്പെട്ടൊരു ഘടകമാണ് വിദ്യാഭ്യാസം.

അതുകൊണ്ട് സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിഷേധിക്കപ്പെട്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളൊന്നും നിർത്തിവച്ചിട്ടില്ല. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സമഗ്രമായൊരു ഉത്തരവ് 2009-ൽ പ്രഖ്യാപിച്ചിരുന്നു. പക്ഷേ, പത്ത് ജില്ലകൾ ആ ഉത്തരവ് പാലിച്ചുകൊണ്ട് മുന്നോട്ടുപോവുകയും നാല് ജില്ലകളിൽ ആ ഉത്തരവ് നിലനിൽക്കാത്ത രീതിയിൽ ആനുകൂല്യം ലഭിക്കുന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. എറണാകുളം, കോട്ടയം പോലുള്ള ജില്ലകളിൽ ഇത്തരം ആനുകൂല്യങ്ങൾ ലഭ്യമാവുകയും എന്നാൽ മറ്റു ജില്ലകളിൽ അത് ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായപ്പോൾ, 2009-ലെ ഉത്തരവിന് ഒരു ഏകീകൃത സ്വഭാവമുണ്ടാക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. മെറിറ്റ് അടിസ്ഥാനത്തിൽ സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ വരുന്ന കുട്ടികൾക്ക് ഗവൺമെന്റ്-എയ്ഡഡ് കോളേജുകളിൽ ലഭ്യമാക്കുന്ന എല്ലാവിധ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകുന്നുണ്ട്. ഈ ആനുകൂല്യം 2003-04 കാലഘട്ടത്തിൽ എല്ലാ വിഭാഗം കുട്ടികൾക്കും നൽകിയിരുന്നു. എന്നാൽ, ചില പ്രത്യേക കാരണത്താൽ 2004-ൽ ആ സ്കീം നിർത്തലാക്കുകയും അതിനുശേഷം മെറിറ്റടിസ്ഥാനത്തിൽ വരുന്ന കുട്ടികൾക്ക് മാത്രമേ ഇത്തരം കോളേജുകളിൽ

സ്കോളർഷിപ്പും ഗ്രാന്റുകളും ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാ മേഖലയിലേയും പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുകയെന്നുള്ളത് വളരെ സന്തോഷമുള്ളൊരു കാര്യമാണ്. പക്ഷേ, ഗവൺമെന്റിന് അതിൽ ചില പരിമിതികളുണ്ട്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (11) <u>വിദ്യാഭ്യാസ സംവരണം പുന:സ്ഥാപിക്കൽ</u>

<u>ശ്രീ. ലൂഡി ലൂയിസ്</u>: സർ, കേരളത്തിലെ ന്യൂനപക്ഷസമുദയമായ ആംഗ്ലോ ഇന്ത്യൻ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് മുൻകാലങ്ങളിൽ വിദ്യാഭ്യാസ സംവരണം ലഭിച്ചുകൊണ്ടിരുന്നത് ലത്തീൻ കത്തോലിക്ക സമുദായത്തോടൊപ്പമായിരുന്നു. പക്ഷേ, ഇന്നതിന് മാറ്റം വന്നിരിക്കുകയാണ്. വിദ്യാഭ്യാസ സംവരണം ലത്തീൻ കത്തോലിക്ക സമുദയത്തോടൊപ്പമാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുത്. വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും പിന്നോക്കം നിൽക്കുന്ന ഒരു സമുദായമാണ് കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ സമുദായം. ഈ സമുദായത്തിന് ഒട്ടനവധി ആനുകൂല്യങ്ങൾ മുൻകാലങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും ഇന്നതെല്ലാം നഷ്ടപ്പെട്ടിരിക്കുകയാണ്. കാഴ്ചയിൽ സമ്പന്നന്മാരാണെന്ന് തോന്നുമെങ്കിലും ഈ സമുദായത്തിൽപ്പെട്ട ഭൂരിഭാഗം അംഗങ്ങളും വളരെയേറെ പാവപ്പെട്ടവരാണ്. കുമാരപിള്ള കമ്മീഷന്റെ തെറ്റായ നിഗമനം മൂലമാണ് കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ഈ വിദ്യാഭ്യാസ സംവരണം നഷ്ടപ്പെട്ടത്. കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ വിഭാഗക്കാർ ലത്തീൻ സമുദായത്തിന്റെ അവിഭാജ്യഘടകമാണെന്നും എന്നാൽ വിദ്യാഭ്യാസ സംവരണ കാര്യത്തിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തെ ലത്തീൻ വിഭാഗത്തിൽനിന്നും ഒഴിച്ചു

നിർത്തുവാനുള്ള നടപടികളാണ് ഇന്നുവരെ ഉണ്ടായിട്ടുള്ളതെന്നും ഇതുപരിഹരിക്കുവാൻ അടിയന്തരനടപടികൾ സ്വീകരിക്കണമെന്നും കേരള റീജിയണൽ ലാറ്റിൻ കത്തോലിക് കൗൺസിൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ള അവകാശ പത്രികയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സംഘടനയുടെ പ്രസിഡന്റ് അഭിവന്ദ്യ സൂസൈപാക്യം പിതാവാണ്. അങ്ങനെയുള്ള ലത്തീൻ കത്തോലിക്ക സംഘടനപോലും ഈ രീതിയിൽ ആവശ്യപ്പെട്ടിരിക്കുകയാണ്. അതുപോലെതന്നെ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് ആംഗ്ലോ ഇന്ത്യൻ സമുദായത്തെ ലത്തീൻ സമുദായത്തോടൊപ്പമാണ് സംവരണത്തിന് പരിഗണിക്കുന്നത്. പക്ഷേ, വിദ്യാഭ്യാസകാര്യത്തിൽ ആംഗ്ലോ ഇന്ത്യനല്ലാത്ത ലത്തീൻ കത്തോലിക്കർ എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളത് ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ആയതിനാൽ വിദ്യാഭ്യാസ സംവരണ വ്യവസ്ഥകളിൽ നിന്നും ഈ നിബന്ധന നീക്കം ചെയ്ത് ആംഗ്ലോ ഇന്ത്യൻ സമുദായത്തിലെ വിദ്യാർത്ഥികൾക്കുകൂടി ഈ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, കേരളത്തിലെ ലത്തീൻ സമുദായത്തിന്റെ ഭാഗമായ ആംഗ്ലോ ഇന്ത്യൻ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ലത്തീൻ കത്തോലിക്ക സമുദായത്തോടൊപ്പം ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സംവരണം പുനഃസ്ഥാപിക്കണമെന്നതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടത്. ആംഗ്ലോ ഇന്ത്യൻ സമുദായത്തെ ഒ.ബി.സി.സമുദായത്തിൽ ഉൾപ്പെടുത്തി നിലവിൽ ഉദ്യോഗസംവരണം അനുവ

ദിക്കുന്നത് ലത്തീൻ കത്തോലിക്കർ/ആംഗ്ലോ ഇന്ത്യൻ എന്ന നിലയിലാണ്. എന്നാൽ 02-05-1966-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സംവരണ കാര്യത്തിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തെ എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെടുത്തി സംവരണം അനുവദിക്കുന്നില്ല. കാരണം, ലത്തീൻ കത്തോലിക്ക സമുദായത്തൽപ്പെട്ടവർ സാമുദായികമായോ വിദ്യാഭ്യാസപരമായോ പിന്നോക്കം നിൽക്കുന്നവരല്ലെന്ന കുമാരപിള്ള കമ്മീഷന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണ് ആംഗ്ലോ ഇന്ത്യൻ സമുദായത്തെ എസ്.ഇ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശചെയ്യാതിരുന്നത്. ഈയൊരു സാഹചര്യത്തിൽ വളരെ നാളുകളായി ബഹുമാനപ്പെട്ട അംഗം ശ്രീ. ലൂഡി ലൂയിസും എം.പി.മാരും തിർച്ചയായും ഈ ആനുകൂല്യം ആഗ്ലോ ഇന്ത്യൻ വിഭാഗത്തിനുകൂടി നൽകണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് അക്കാര്യത്തെക്കുറിച്ച് ചർച്ചചെയ്യുന്നുണ്ട്. ഇതിനായി എം.എൽ.എ.യും എം.പി.യുയും ഉൾപ്പെടെയുള്ളവരുടെ ഒരു മീറ്റിംഗ് ഗവൺമെന്റ് വിളിച്ചുണ്ട്. ഇക്കാര്യം പുനഃപരിശോധിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

## (12) താലൂക്ക് ഓഫീസ് നവീകരണവും മിനി സിവിൽസ്റ്റേഷൻ നിർമ്മാണവും

ശ്രീ. പി. ടി. എ. റഹീം: സർ, പുതിയ താലൂക്കുകളുടെ പ്രഖ്യാപനം വരുന്നതിനുമുമ്പാണ് ഈ സബ്മിഷൻ അവതരിപ്പിക്കാൻ ഞാൻ അനുമതി ചോദിച്ചത്. എങ്കിലും ഈ സന്ദർഭത്തിൽ ഇക്കാര്യം കൂടുതൽ പ്രസക്തമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള താലൂക്കാണ് കോഴിക്കോട്. കോഴിക്കോട് താലൂക്ക് മൂന്നായെങ്കിലും വിഭജിക്കണമെന്ന് ജില്ലാ കളക്ടർ

ഗവൺമെന്റിലേയ്ക്ക് എഴുതിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഏക സബ്താലൂക്കിനെ ഉയർത്താതെയാണ് പുതുതായി പന്ത്രണ്ട് താലൂക്കുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ആദ്യമായി പരിഗണി ക്കേണ്ടത് വളരെ വിശേഷമായൊരു സാഹചര്യത്തിലാണ് ഈ സബ് താലൂക്ക് അവിടെ ഉണ്ടായിരിക്കുന്നത്, ഡെപ്യൂട്ടി തഹസീൽദാറും സ്റ്റാഫും ഉൾപ്പെടെ യുള്ള ആളുകളും ഓഫീസും ഇപ്പോഴും അവിടെ പ്രവർത്തിച്ചുവരികയാണ്. പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ ഓഫീസ് കുന്ദമംഗലത്ത് ആരംഭിച്ചിട്ടുള്ളത്. പന്ത്രണ്ട് താലൂക്ക് പ്രഖ്യാപിച്ച ഈ അവസരത്തിൽ ഇക്കാര്യം കണക്കിലെടുത്തിട്ടില്ല. അതുകൊണ്ട് വളരെ പ്രധാനമായും താലൂക്കിന്റെ ഒരു സ്റ്റാറ്റസിലേയ്ക്ക് ഉയർത്തുകയും ജനങ്ങൾക്കാവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ രീതിയിലുള്ള സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും വേണമെന്ന് സൂചിപ്പിക്കുന്നതിനോടൊപ്പംതന്നെ ഇവിടെയൊരു മിനി സിവിൽസ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി സാമൂഹ്യ വികസന വകുപ്പ് അൻപത് സെന്റ് ലഭ്യമാക്കിയിട്ടുണ്ട്. അവിടെ ഒരു മിനിസിവിൽസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതുകൂടി പരിഗണിച്ച് സബ്താലൂക്ക് ആസ്ഥാനം ഒരു താലൂക്ക് ഓഫീസ് ലെവലിലേയ്ക്ക് ഉയർത്ത ണമെന്ന എന്റെ നിർദ്ദേശവും ആവശ്യവും പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, 22-04-2007-ലെ 136/07 ഉത്തരവുപ്രകാരം സംസ്ഥാനാവശ്യത്തിനുള്ള ഭൂരിഭാഗം സർട്ടിഫിക്കറ്റുകളും വില്ലേജ് ഓഫീസ് മുഖാന്തിരവും സംസ്ഥാന

നേതര ആവശ്യങ്ങൾക്ക് ബന്ധപ്പെട്ട തഹസീൽദാരുമാണ് അനുവദിച്ച് നൽകുന്നത്. താലൂക്കിൽ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് തഹസീൽദാർ പദവിയിലുള്ള ഉദ്യോഗസ്ഥനാണ് അധികാരമെന്നതിനാൽ തഹസീൽദാർ നൽകേണ്ട സർട്ടിഫിക്കറ്റുകൾ അനുവദിക്കാൻ മറ്റുദ്യോഗസ്ഥർക്ക് അധികാരം നൽകാൻ നിലവിലുള്ള ഉത്തരവുകൾപ്രകാരം കഴിയില്ല. കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്ക് പുതുതായി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് താലൂക്ക് ഓഫീസിന്റെ ജോലിഭാരം ലഘൂകരിക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട കുന്ദമംഗലം സബ്താലൂക്ക് മുഖേന കോഴിക്കോട് താലൂക്ക് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്നവർക്ക് ഈ തീരുമാനം ആശ്വാസകരമാണ്. പുതുതായി രൂപീകരിക്കുന്ന താമരശ്ശേരി താലൂക്കിൽനിന്നും തഹസീൽദാർ അനുവദിക്കേണ്ട സർട്ടിഫിക്കറ്റുകളെല്ലാംതന്നെ അനുവദിക്കാമെന്നതിനാൽ കുന്ദമംഗലം സബ് താലൂക്കിലെ ഡെപ്യൂട്ടി തഹസീൽദാർ തസ്തിക സർട്ടിഫിക്കറ്റുകൾ നൽകുന്നതിനായി അഡീഷണൽ തഹസീൽദാറുടെ തസ്തികയായി ഉയർത്തണമെന്ന ആവശ്യത്തിന് പ്രസക്തിയില്ല. കുന്ദമംഗലം മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിനാവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി പാതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചീനീയർക്ക് 21-11-2012-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (13) താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ണാർക്കാട് താലൂക്കിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റി നിലവിലില്ലാത്തതുകൊണ്ടുള്ള പ്രയാസങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ. സർക്കാർ

പുറമ്പോക്കുഭൂമികളിൽ താമസിച്ചുകൊണ്ടിരിക്കുന്ന ഭൂരഹിതരായ നിരവധി ആളുകളുടെ അപേക്ഷകൾ മണ്ണാർക്കാട് താലൂക്ക് ഓഫീസുകളിൽ തീർപ്പാകാതെ കിടക്കുകയാണ്. ഈ സമാന സാഹചര്യം പല താലൂക്കുകളിലുമുണ്ടെന്ന് മനസ്സിലാക്കുന്നു. പാലക്കാട് ജില്ലയിലെ മറ്റ് താലൂക്കുകളിലും ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ ഇല്ലാത്തതുകൊണ്ട് ഇത്തരം അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. അതിനാൽ മണ്ണാർക്കാട് ഉൾപ്പെടെയുള്ള താലൂക്കുകളിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ മണ്ണാർക്കാട് താലൂക്കിലെ പാവപ്പെട്ട കർഷകരും തൊഴിലാളികളും നേരിടുന്ന ഭൂപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തി റവന്യൂ, വനം ഭൂമികൾ തമ്മിൽ കൃത്യമായ വേർതിരിവുണ്ടാകണം. പതിറ്റാണ്ടുകളായി ഈ പ്രദേശങ്ങൾ തർക്കപ്രദേശങ്ങളായി കിടക്കുകയാണ്. വനംവകുപ്പ് അവരുടെ ഭൂമിയെന്നും റവന്യൂവകുപ്പ് അവരുടേതെന്നും പറയുന്ന ഭൂമിയിൽ താമസിക്കുന്ന കർഷകർ ധാരാളം പ്രയാസങ്ങൾ ഇതു കാരണം അനുഭവിക്കുകയാണ്. വർഷങ്ങളോളം ഭൂനികുതി സ്വീകരിക്കുകയും എന്നാൽ ഈ അടുത്ത കാലത്ത് പല കാരണങ്ങൾ പറഞ്ഞ് നികുതി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന ധാരാളം പ്രശ്നങ്ങളുണ്ട്. ഇത്തരം കാര്യങ്ങളിൽ മുഴുവൻ ഭൂഉടമകളിൽ നിന്നും ഭൂനികുതി സ്വീകരിക്കാനാവശ്യമായ അടിയന്തര നിർദ്ദേശങ്ങൾ റവന്യൂ വകുപ്പ് നൽകണമെന്ന് ഞാൻ ശക്തമായി ആവശ്യപ്പെടുകയാണ്. കഴിഞ്ഞ കാലങ്ങളിൽ പതിറ്റാണ്ടുകളോളം നികുതി കൊടുത്തുവന്നിരുന്ന ആളുകളിൽനിന്ന് ഫോറസ്റ്റ് വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന് പറഞ്ഞ് ഇപ്പോൾ നികുതി സ്വീകരിക്കാതിരിക്കുകയാണ്. അവരുടെ കൈവശമുള്ള, അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭൂമി

അവർക്ക് നിയമപ്രകാരം ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ റവന്യൂ വകുപ്പ് അടിയന്തര നിർദ്ദേശം നൽകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂരഹിതർക്ക് സർക്കാർ പുറമ്പോക്ക് ഭൂമി പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കുന്നതിനായി മണ്ണാർക്കാട് താലൂക്കിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റി രൂപീകരണം സംബന്ധിച്ച നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാനുള്ള ഏർപ്പാടുകളുണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പ്രധാനപ്പെട്ട മറ്റൊരുകാര്യം വനമേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് സംയുക്ത സർവ്വേ നടത്തുന്ന കാര്യത്തെക്കുറിച്ചാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ഒരു യോഗംചേർന്ന് അതിനുള്ള തീരുമാനം എടുക്കാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. വർഷങ്ങളായി ടാക്സ് അടച്ചുകൊണ്ടിരുന്ന ആളുകൾക്ക് നികുതി അടയ്ക്കാൻ കഴിയുന്നില്ല എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അക്കാര്യം അടിയന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കാൻ കഴിയുന്നതാണെങ്കിൽ സ്വീകരിക്കും.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ)